ദേശാഭിമാനി
05 February 2020

# മീനുകളുടെ ചെവിക്കല്ലിലുമുണ്ട് കാര്യം

**കൊച്ചി**

മീനുകളുടെ ചെവിക്കല്ലിൽ നിന്നും മനോഹരമായ ആഭരണങ്ങൾ!. കേൾക്കുമ്പോൾ കൗതുകം തോന്നുന്നോ?. സംശയിക്കേണ്ട, സിഎംഎഫ്ആർഐയിൽ നടന്ന കടലറിവുകളുടെ പ്രദർശനത്തിലാണ് മീനുകളുടെ ചെവിക്കല്ലുകൊണ്ട് നിർമിച്ച ആഭരണങ്ങൾ താരമായത്.

ഭൂരിഭാഗം മീനുകൾക്കും ചെവിക്കല്ലുണ്ടെങ്കിലും പത്തോളം മീനുകളുടേതു മാത്രമാണ് ആഭരണങ്ങൾ നിർമിക്കാൻ അനുയോജ്യമായത്. വെള്ളിലോഹത്തിലാണ് കമ്മലുകൾ രൂപകൽപ്പന ചെയ്തത്. മീനുകളെതിരിച്ചറിയുന്നതിനും പ്രായം മനസ്സിലാക്കുന്നതിനുമാണ് ചെവിക്കല്ലുകൾ വേർപെടുത്തി പഠനം നടത്തുന്നത്. പഠനത്തിനുവേണ്ടി ഇവ ശേഖരിച്ചപ്പോഴാണ് ആഭരണങ്ങളാക്കി ഉപയോഗിക്കാമെന്ന ആശയം രൂപപ്പെട്ടത്.

ഇന്ത്യയിൽ ഇത്തരം ആഭരണങ്ങൾ നിലവിലില്ല. ഈജിപ്ത്, ബ്രസീൽ, ഇറ്റലി എന്നീ രാജ്യങ്ങളിൽ ഭാഗ്യക്കല്ലുകളായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യൻ തീരങ്ങളിലെ ആയിരത്തോളം ഇനം മത്സ്യങ്ങളുടെ ചെവിക്കല്ലുകൾ സിഎംഎഫ്ആർഐ ശേഖരിച്ചു. കമ്മൽ മാത്രമല്ല, മാലകളുടെ ലോക്കറ്റ്, ബ്രെയ്സ്‌ലറ്റ് തുടങ്ങിയവയും നിർമിക്കാം. വെള്ളിയിൽ നിർമിക്കുമ്പോൾ ഒരു കമ്മലിന് ആയിരം രൂപയോളം വരും. എഴുപത്തിമൂന്നാം സ്ഥാപകദിനത്തോടനുബന്ധിച്ചാണ് സിഎംഎഫ്ആർഐ മ്യൂസിയവും പരീക്ഷണശാലകളും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്. തിമിംഗലസ്രാവ്, കടൽ മുയൽ, പറക്കും കൂന്തൽ, കടൽപ്പശു, കടൽ വെള്ളരി, പലതരം കടൽസസ്യങ്ങൾ, കടൽപ്പാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങിയവയും പ്രദർശനത്തിൽ ഉണ്ട്. ഓലമീൻ, ആനത്തിരണ്ടി, സൈക്കിൾചെയിൻ മത്സ്യം, ഗിത്താർ മത്സ്യം, വിവിധയിനം സ്രാവുകൾ, ഞണ്ടുകൾ, ചെമ്മീനിനങ്ങൾ തുടങ്ങിയവ വിവിധ ഗവേഷണ വിഭാഗങ്ങളുടെ ലാബുകളിൽ പ്രദർശനത്തിനൊരുക്കിയിട്ടുണ്ട്. കടലിലെ വിലകൂടിയ മുത്തുകളും, മുത്തുച്ചിപ്പി കൃഷിചെയ്ത് അവ വേർതിരിച്ചെടുക്കുന്ന രീതികളും പ്രദർശനത്തിൽ ശ്രദ്ധ പിടിച്ചുപറ്റി.

പ്ലാസ്റ്റിക് മാലിന്യം മീനുകളുടെ ജീവന് ഭീഷണിയാകുന്നതിന്റെ നേർചിത്രങ്ങളും പ്രദർശനത്തിലുണ്ടായിരുന്നു. കൂടുമത്സ്യക്കൃഷി പോലെയുള്ള വിവിധ സമുദ്രജല കൃഷിമാതൃകകളും സന്ദർശകരെ ആകർഷിച്ചു. കടൽവെള്ളത്തിന് നിറം നൽകുന്ന സൂക്ഷ്മ ആൽഗകൾ, കടലിലെ വർണമത്സ്യങ്ങളുടെ ശേഖരമായ മറൈൻ അക്വേറിയം എന്നിവയും കാഴ്ചക്കാർക്ക് പുതുമയായി.



സിഎംഎഫ്ആർഐയിൽ നടന്ന പ്രദർശനത്തിൽ മത്സ്യചെവിക്കല്ല് ഉപയോഗിച്ച് നിർമിച്ച കമ്മൽ കാണുന്ന കുട്ടികൾ